കേരള സർക്കാർ

സാംഗ്രഹം

കൃഷി വകുപ്പ് - ജൈവ കാർഷിക നയത്തിന്റെ ഭാഗമായി വിഷവീര്യം കൂടിയ കീടനാശിനികൾ/കുമിൾനാശിനികൾ/കളനാശിനികൾ പൂർണ്ണമായും കേരളത്തിൽ നിരോധിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

കൃഷി (എൻ.സി.എ) വകുപ്പ്

ജി.ഒ(എം.എസ്) നം. 116 /2011/കൃഷി തീയതി, 7.5.2011.

=====================================================================

പരാമർശം:- 1) 10.2.2010 ലെ സ.ഉ. (പി) നമ്പർ 39/2010 /കൃഷി.
2) 2/12/2010 ലെ സ.ഉ(എം.എസ്) 310/2010/ കൃഷി
3) 17/01/2011 ലെ സ.ഉ(എം.എസ്) 22/2011/കൃഷി.

**ഉത്തരവ്**

പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം കേരള സംസ്ഥാന ജൈവ കാർഷിക നയം ഭേദഗതി ചെയ്ത് പുതുക്കിയ നയരേഖ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. കേരളത്തെ മുഴുവനായും രാസകീടനാശിനി വിമുക്ത മേഖലയാക്കി മാറ്റുക എന്നത് സർക്കാരിന്റെ നയമാണ്. ഇതു പ്രാവർത്തികമാക്കുന്നതിന്റെ ആദ്യ പടിയായി കാസർഗോഡ് ജില്ലയിൽ കടും ചുവപ്പും കടും മഞ്ഞയും ലേബലുകളിൽ വിൽക്കപ്പെട്ടിരുന്ന കീടനാശിനികളുടെ ഉൽപാദനവും വിതരണവും ഉപയോഗവും നിരോധിച്ചുകൊണ്ട് പരാമർശം രണ്ട് പ്രകാരം ഉത്തരവായിരുന്നു. പരാമർശം 3 പ്രകാരം കേരളത്തിലെ കീടനാശിനികളുടെ വിതരണവും ഉപയോഗവും നിയന്ത്രിക്കുന്നതിനായി മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ജൈവകൃഷി നയം പ്രാവർത്തികമാക്കുന്നതിന്റെ തുടർനടപടി എന്ന നിലയിൽ വിഷവീര്യം കൂടിയതും മനുഷ്യ ജീവന് ഹാനികരവുമായ കീടനാശിനികൾ കേരളത്തിൽ ഇപ്പോഴും ഉപയോഗത്തിൽ ഉള്ളതായി ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന കീടനാശിനികൾ/കുമിൾനാശിനികൾ/ കളനാശിനികൾ എന്നിവയുടെ വിൽപ്പനയും വിതരണവും ഉപയോഗവും കേരളത്തിൽ നിരോധിച്ചുകൊണ്ട് ഉത്തരവാകുന്നു.

വിഷവീര്യം കൂടിയ ചുവപ്പ് ലേബലുള്ള കീടനാശിനികളായ CARBOFURAN, PHORATE, METHYL PARATHION, MONOCROTOPHOS, METHYL DEMETON എന്നിവയും മഞ്ഞ നിറത്തിലുള്ള ലേബലോടുകൂടിയ കീടനാശിനികളായ TRIAZOPHOS, PREPHENOPHOS എന്നിവയും കുമിൾ നാശിനികളായ EDIPHENPHOS, TRICYLAZOLE, OXYTHIOQUINOX എന്നിവയും കളനാശിനിയായ ANILOPHOS, PARAQUAT, THIOBENCARB, ATRAZIN .

Circulate through "announce"

ഇതിന് പകരം ഉപയോഗിക്കാവുന്ന ജൈവിക രോഗ കീടനാശിനികളും പ്രതിരോധ മാർഗ്ഗങ്ങളും വിള പരിപാലന മുറകളും കേരള കാർഷിക സർവ്വകലാശാലയും കൃഷി വകുപ്പും ചേർന്ന് ഉരുത്തിരിച്ചെടുക്കേണ്ടതാണ്. ഇതിനായി കമ്മിറ്റി രൂപീകരിക്കുന്നതാണ്. ഇതിലെ അംഗങ്ങൾ കൃഷി വകുപ്പു ഡയറക്ടർ, കർഷിക സർവ്വകാലാശാല വിജ്ഞാന വ്യാപന വിഭാഗം മേധാവി, ഗവേഷണ വിഭാഗം മേധാവി, അഡീഷണൽ ഡയറക്ടർ, കോ-പ്രൊഡക്ഷൻ കൃഷി വകുപ്പ്, ബയോ ഡൈവേഴ്സിറ്റി ചെയർമാൻ എന്നിവരായിരിക്കും. നിരോധിക്കപ്പെടുന്ന കെമിക്കലിൻെറ ബദൽ നിർദ്ദേശങ്ങൾ ഈ കമ്മിറ്റി സമർപ്പിക്കേണ്ടതാണ്. ഈ ഉത്തരവ് പ്രാവർത്തികമാക്കാനുള്ള നടപടി ക്രമങ്ങൾ ടി കമ്മിറ്റി 10 ദിവസത്തിനുള്ളിൽ നിർദ്ദേശിക്കേണ്ടതാണ്.

ഈ ഉത്തരവുകൾ പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി കേരള കാർഷിക സർവ്വകലാശാല ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ഡോ.എ.ജയതിലക്,
സെക്രട്ടറി.

കൃഷി ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കാസർഗോഡ്
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശ്ശൂർ
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, വെള്ളായണി, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, ജൈവ വൈവിധ്യ ബോർഡ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ, കാസർഗോഡ്
അക്കൗണ്ടൻറ് ജനറൽ (എആൻറ്ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
(ആവശ്യമായ പ്രസിദ്ധീകരണത്തിന്)
പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം
സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്.
ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്
ആഭ്യന്തര വകുപ്പ്
സാമൂഹ്യക്ഷേമ വകുപ്പ്
നികുതി വകുപ്പ്
പരിസ്ഥിതി വകുപ്പ്
തദ്ദേശ സ്വയം ഭരണ വകുപ്പ്
കൃഷി (പി.യു/പി.ബി വകുപ്പുകൾ)
സെക്രട്ടറി, ജില്ല പഞ്ചായത്ത്, കാസർഗോഡ്.
കൺട്രോളർ, ലീഗൽ മെട്രോളജി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.